ഹുസൈൻ രണ്ടത്താണി

**ജമാഅത്ത് ചുവട് മാററുന്നതെങ്ങനെ?**

മൗദൂദി സാഹിബിന്റെ മരണ ശേഷം നിർണായകമായ ചുവടു മാററങ്ങൾ  ജമാഅത്ത ഇസ്‌ലാമി കൈകൊണ്ടു. തങ്ങളുടെ ലക്ഷ്യമായ ദൈവരാജ്യം നേരെ ചൊവ്വേ സ്ഥാപിക്കാൻ കഴിയാത്തതിനാൽ തല്കാലം നിലവിലുള്ള വ്യവസ്ഥിതിയുമായി രാജിയാകാനായിരുന്നു തീരുമാനം. അതിന് മൗദൂദി സാഹിബിന്റെ ആശയങ്ങളെ തന്നെ തല്ക്കാലത്തേക്ക് അലമാരയിലടച്ചു.  രാമ രാജ്യം സ്ഥാപിക്കാൻ സന്ദർഭം ഒത്തു വരുന്നത് വരെ നിലവിലുള്ള മതേതര ജനാധിപത്യവുമായി സമരസപ്പെട്ടു പോകണമെന്ന ആറെസ്സെസ്സ് നിലപാടാണ് ജമാഅത്തെ ഇസ്‌ലാമിയും സ്വീകരിച്ചത്.  തങ്ങളുടെ ദൈവ രാജ്യം (ഹുകൂമതേ ഇലാഹി) സ്ഥാപിക്കാൻ ഇനിയും സമയമെടുക്കും എന്നതിനാൽ തല്ക്കാലം 'പൈശാചിക വ്യവസ്ഥിതി'യായ സെക്കുലറിസവും ജനാധിപത്യവും  അംഗീകരിച്ചു മുന്നോട്ട് പോവുക തന്നെ.

ജമാഅത്ത് റാംപൂരിലും അലിഗഡിലും സ്വന്തമായ സ്ഥാപനങ്ങൾ നടത്തി ദൈവീകമെന്ന് തങ്ങൾ വിശ്വസിച്ച ആശയങ്ങൾ പഠിപ്പിക്കാനുള്ള സംവിധാനം കൊണ്ടു വന്നു. ആദ്യം ജമാഅത്തുകാരല്ലാത്തവർക്ക് ഈ സ്ഥാപനങ്ങളിൽ പ്രവേശം നല്കിയിരുന്നില്ല. മാത്രമല്ല; അലിഗഡ് പോലുള്ള മതേതര സ്ഥാപനങ്ങളെ മൗദൂദി സാഹിബ് തന്നെ അറവ് ശാലകൾ എന്ന് മുദ്ര കുത്തിയതിനാൽ ആദ്യ കാലത്ത് അങ്ങോട്ടും തങ്ങളടെ മക്കളെ വിട്ടിരുന്നില്ല. ഈ നിലപാടുകളിൽ അയവ് വരുത്താൻ പിന്നീട് ജമാഅത്ത് നിർബന്ധിതമായി. കാരണം പ്രായോഗികമായ മാർഗങ്ങളല്ല മൗദൂദി സാഹിബിന്റേത് എന്നത് കൊണ്ട് തന്നെ. നയങ്ങളിൽ മാററം വരുത്താതെ ദൈവരാജ്യം സ്ഥാപിക്കാനാവില്ലെന്നും കുറേ ജമാഅത്തു നേതാക്കൾക്കെങ്കിലും ബോധ്യപ്പെട്ടു. എന്തായാലും ജമാഅത്ത് അനുഭാവികൾക്ക് മക്കളെ അലിഗഡ് സർവകാലാശാലയിൽ  പറഞ്ഞയക്കാൻ അനുവാദം കിട്ടി. എന്നാൽ ജമാഅത്ത് അംഗങ്ങൾക്ക് പാടില്ല. പിന്നീട് ഈ തീരുമാനത്തിലും വെള്ളം ചേർത്തു. അലിഗഡ് പട്ടണത്തിൽ  ജമാഅത്ത് സ്ഥാപിച്ച ഗ്രീൻ സ്കൂൾ പുതിയ തീരുമാനങ്ങളുമായി വന്നു. ജമാഅത്തിലെ ഒരു വിഭാഗം എതിർത്തെങ്കിലും ഗ്രീൻ സ്കൂളിന് അലിഗഡ് സർവകാലാശാലയുടെ അംഗീകാരം വാങ്ങി. അങ്ങനെ അലിഗഡ് സർവകലാശാലയെ അറവുശാലയെന്ന വിശേഷണം തിരുത്തി. സ്കൂളിന് സർക്കാറിന്റെ അംഗീകാരം വാങ്ങുന്നത് ബഹുദൈവത്വത്തെ അംഗീകരിക്കലാണെന്ന് പറഞ്ഞ ജമാഅത്തുകാർ തന്നെ തങ്ങളുടെ സ്കൂളിന് സർക്കാറിൽ നിന്ന് അംഗീകാരം സമ്പാദിച്ചെടുത്തു. പല തല മുതിർന്ന നേതാക്കളുടേയും എതിർപ്പോടെയാണ് ഇത് നേടിയെടുത്തത്. സർക്കാർ സ്ഥാപനവുമായി അഫിലിയേഷൻ പാടില്ല എന്ന് പറയുന്നവരെ ജനങ്ങൾ പരിഹസിച്ചു. സർക്കാറും അതിന്റെ സ്ഥാപനങ്ങളും ബഹുദൈവത്വമാണെങ്കിൽ (താഗൂത്) എങ്ങനെയാണ് ജമാഅത്തുകാർ സർക്കാറിന്റെ തീവണ്ടിയിൽ യാത്ര ചെയ്യുക; എങ്ങനെയാണ് പോസ്റേറാഫീസ് ഉപയോഗപ്പെടുത്തുക; വൈദ്യൂതി ഉപയോഗിക്കുക? ഈ ചോദ്യങ്ങൾക്കൊക്കെ നേതാക്കൾക്ക്  ഉത്തരം മുട്ടിക്കൊണ്ടിരുന്നു. പള്ളികളിൽ പോലും സർക്കാറല്ലേ വൈദ്യൂതി തരുന്നത്? എങ്ങനെയാണ് താഗൂതി വൈദ്യൂതിയെ അംഗീകരിക്കുക? മൗദൂദിയുടെ അത്തരം നിലപാടുകൾ നിരന്തരം പരിഹസിക്കപ്പെട്ടു. ഇതൊക്കെ വികാര പരമായ സമീപനത്തിന്റെ ഭാഗമാണെന്നും ഇക്കാര്യത്തിൽ മൗദൂദിക്ക് ഒരു കാരണവും ലക്ഷ്യവും കാണിക്കാനില്ലെന്നും പാരമ്പര്യ ഉലമകൾ വെല്ലു വിളിച്ചു. മൗദൂദി ദൈവമല്ലെന്നും മനുഷ്യൻ മാത്രമാണെന്നും അതിനാൽ അദ്ദേഹത്തിന്റെ തെററുകൾ അനുയായികളെങ്കിലും തിരുത്തണമെന്നും ഇവർ ആവശ്യപ്പെട്ടു. സെക്കുലറിസത്തോടും ജനാധിപത്യത്തോടും മൗദൂദി എടുത്ത നിലപാട് പരിഹാസ ജനകവും നാണക്കേടുമാണെന്ന് സംഘടനക്കകത്ത് തന്നെ വിമർശമുയർന്നു.

**സഹിക്കാനാവാതെ സിമി**

ജമാഅത്ത്  നേതൃത്വം മൗദൂദിയിൽ നിന്ന് വ്യതിചലിക്കുകയാണെന്ന് പറഞ്ഞ് ഒരു വിഭാഗം വിദ്യാർഥികൾ പരസ്യമായി രംഗത്ത് വന്നു. ഇവർ ജമാഅത്തിന്റെ വിദ്യാർഥി സംഘടനയായിരുന്ന സിമി (സ്റ്റുഡന്റ്സ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ) യോട് ആഭിമുഖ്യമുള്ളവരായിരുന്നു.

ജമാഅത്തിന്റെ ഗ്രീൻ സ്കൂളിൽ പഠിച്ച വിദ്യാർഥികൾ മുന്നിട്ടാണ് 1977ൽ സിമിക്ക് രൂപം കൊടുക്കുന്നത്. അമേരിക്കയിലെ ഇല്ലിനോയിസ് യൂണിവേഴ്സിററി പ്രൊഫസറായിരുന്ന മുഹമ്മദ് അബ്ദുല്ലാ സിദ്ദീഖിയാണ് സ്ഥാപകൻ. ജമാഅത്തിന്റെ വിദ്യാർഥി വിഭാഗമായാണ് ഇത് പ്രവർത്തിച്ചത്. 1981ൽ യാസർ അറഫാതിന്റെ ഇന്ത്യാ സന്ദർശന സമയത്ത് അദ്ദേഹത്തിനെതിരെ കരിങ്കൊടി കാണിച്ച കാരണത്താലാണ് ജമാഅത്ത് സിമിയെ ഉപേക്ഷിക്കാൻ തുടങ്ങിയത്.  അറഫാത് പാശ്ചാത്യൻ പാവയാണെന്ന സിമി വാദം ജമാഅത്ത് നേതാക്കൾ അംഗീകരിച്ചില്ല. നേതൃത്വത്തിനെതിരെയുള്ള വിമർശ രീതിയും നേതാക്കൾക്ക് രസിച്ചില്ല.  സിമിയെ ഉപേക്ഷിച്ച ശേഷം ക്കൾ തങ്ങൾക്ക് കീഴപെടുന്ന വിധം എസ്.ഐ.ഒ (സ്ററുഡന്റ്സ് ഇസ്ലാമിക് ഓർഗനൈസേഷൻ) എന്ന വിദ്യാർഥി സംഘടനക്ക് 1982ൽ രൂപം നല്കി. ജമാഅത്തെ ഇസ്ലാമി നേതൃത്വം മൗദൂദിയിയുടെ ഹുകൂമതേ ഇലാഹി (ദൈവ രാജ്യം)യിലേക്ക് തിരിച്ചു വരണമെന്നും ഇസ്ലാമിക വിപ്ലവത്തിലൂടെ (ഇസ്ലാമി ഇൻക്വിലാബ്) ഇസ്ലാം രാജ്യം സ്ഥാപിക്കാൻ രംഗത്തിറങ്ങണമെന്നും സിമി ആവശ്യപ്പെട്ടു. എന്നാൽ അതിന് സമയമായില്ലെന്നും ഇനിയും കാത്തിരിക്കണമെന്നുമുള്ള നിലപാടാണ് നേതാക്കൾ സ്വീകരിച്ചത്. ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയോട് അകന്നെങ്കിലും പാകിസ്ഥാൻ, ബംഗ്ലാദേശ്, തുടങ്ങിയ രാജ്യങ്ങളിലെ ശാഖകളുമായി അവർ ബന്ധം പുലർത്തിപ്പോന്നു. ഭീകര സംഘടനയെന്ന് പ്രഖ്യാപിച്ച് ഇന്താ ഗവൺമെന്റ് 2001ൽ സിമിയെ നിരോധിക്കുകയായിരുന്നു.

ഇന്ധിരാ ഗാന്ധി തുടങ്ങി വച്ച ഹിന്ദു വർഗീയ പ്രീണനം രാജീവ് ഗാന്ധിയുടെ കാലത്തും തുടരുകയായിരുന്നു.  ഇത് സിമിയെ കൂടുതൽ ഭരണ ഘടനാ വിരുദ്ധ നിലപാടിലെത്തിച്ചു. രാജീവ് ഗാന്ധിയുടെ കാലത്ത് ബാബ്രി മസ്ജിദ് ഹിന്ദുക്കൾക്ക് വേണ്ടി തുറന്ന് കൊടുത്തതും വിശ്വ ഹിന്ദു പരിഷത്തിന് ശിലാന്യാസത്തിന് വഴി തുറന്നതും, കോൺഗ്രസ് അതിന്റെ തിരഞ്ഞെടുപ്പ് പ്രചാരണം ബാബ്രീ മസ്ജിദിന്റെ പട്ടണമായ ഫൈസാബാദിൽ നിന്ന് തുടങ്ങിയതും രാജ്യത്തെ ഹിന്ദു മുസ്ലിം ധ്രുവീകരണം വർധിപ്പിച്ചു.  രാമ രാജ്യം എന്ന പദം ആറെസ്സെസ്സ് മുഖപത്രമായ ഓർഗനൈസർ നിരന്തരം ആവർത്തിച്ചു. മുസ്ലം വിരുദ്ധ ലേഖനങ്ങളും പ്രസംഗങ്ങളും കൊണ്ട് ഹിന്ദു വർഗീയതയെ കയറൂരി വിട്ടു. അയോധ്യാ ക്ഷേത്രം നിർമിക്കുക മാത്രമല്ല; രാജ്യത്ത് നിന്ന് മുസ്ലിം സംസ്കാരം തന്നെ ഉന്മൂലനം ചെയ്യുമെന്ന് ചില ആറെസ്സെസ്സ്  നേതാക്കൾ പ്രസ്താവിച്ചു കളഞ്ഞു. ഈ പ്രസ്താവങ്ങൾ ആറെസ്സെസ്സ് മുഖ പത്രമായ പാഞ്ചജന്യയിൽ  വെണ്ടയ്ക്ക നിരത്തി. ഈ സന്ദർഭം മുതലെടുത്ത് മുസ്ലിം ചെറുപ്പക്കാരെ സിമി ഹൈജാക്ക് ചെയ്തു വന്നു. *ഇസ്ലാമിക് മൂവ്മെന്റ്* എന്ന തങ്ങളുടെ പത്രത്തിലൂടെ ആറെസ്സെസ്സ് പ്രസ്താവനകളെ ഖണ്ഡിച്ചു കൊണ്ടിരുന്നു. പത്രത്തിന് നല്ല ഡിമാന്റുണ്ടായി. ഹിന്ദുക്കൾക്ക് രാമ രാജ്യം ആവശ്യപ്പെടാമെങ്കിൽ എന്ത് കൊണ്ട് മുസ്ലിംകൾക്ക് ഒരു ഇസ്ലാമിക ഭരണം (നിസാമേ മുസ്തഫ) ആയിക്കൂടാ. ഇസ്ലാമിക ഖിലാഫത്തിന് വേണ്ടി രംഗത്തിറങ്ങാൻ സിമി മുസ്ലിംകളോട് ആഹ്വാനം ചെയ്തു. ബാബ്രി പള്ളി പ്രശ്നത്തെ ഇസ്ലാമും ശിർക്കും തമ്മിലുള്ള തർക്കമായി വ്യഖ്യാനിച്ചു. ബാബ്രീ മസ്ജിദ് കരയുന്ന തരത്തിലുള്ള ചിത്രങ്ങൾ നല്കി യുവാക്കളുടെ വികാരത്തെ സ്വന്തമാക്കാനുള്ള ശ്രമങ്ങളുമുണ്ടായി.

ജമാഅത്തിനെതിരായ നിലപാട് സിമി ആവർത്തിച്ചു കൊണ്ടിരുന്നു. മൗദൂദി വിഭാവനം ചെയ്ത ഖിലാഫതിന് വേണ്ടിയാണ് തങ്ങൾ നില കൊള്ളുന്നതെന്നും എന്നാൽ ജമാഅത്ത് ഹുകൂമതേ ഇലാഹിയിൽ നിന്ന് പുറകോട്ടു പോയെന്നും സിമി കുററപ്പെടുത്തി. ജമാഅത്താവട്ടെ, മൗദൂദിയൻ ആശയങ്ങൾ നടപ്പാക്കാൻ സമയമായില്ലെന്ന് പറഞ്ഞ് 'കുഫ്രിയ്യത്തു'  (ദൈവ   നിഷേധം) മായി രാജിയാവുകയാണ് ചെയ്തത്. ഇതാവട്ടെ, സിമിക്കും ആദ്യ കാല ജമാഅത്തുകാർക്കും ബോധിച്ചതുമില്ല. ഹൂകൂമതേ ഇലാഹി എന്ന മുദ്രാവാക്യം അരോചകമായി തോന്നിയതിനാൽ പകരം ഇഖാമതു ദീൻ (മതത്തെ നില നിറുത്തൽ) എന്നാക്കിയതാണെന്നും ജമാഅത്ത് നേതൃത്വം ന്യായീകരിച്ചു.  ഇങ്ങനെ മാററിയതിനാൽ സിമി, അമീർ  അബുല്ലൈസ് നദ്‌വിയെ പരിഹസിച്ചു. ജമാഅത്തെ ഇസ്ലാമി മൗദൂദിയുടെ  ആശയങ്ങളെയും ശരീഅത്തിനേയും കൈയൊഴിച്ചിരിക്കയാണെന്ന് സിമി മുഖ പ്രസംഗമെഴുതി. മാററത്തെ ന്യായീകരിക്കാനാവാതെ ജമാഅത്ത് നേതാക്കൾ കുഴങ്ങി.  തങ്ങൾ ഹുകൂമതേ ഇലാഹി കൈവിട്ടിട്ടില്ലെന്നും ജനങ്ങളിലെ തെററിദ്ധാരണ മാററാൻ മറെറാരു പദം സ്വീകരിക്കുക മാത്രമേ ചെയ്തുള്ളുവെന്നുമൊക്കെ അമീറും മററു നേതാക്കളും അണികളിൽ പ്രചാരണം നടത്തി. ജമാഅത്ത് വേദികളിൽ നിന്ന് മൗദൂദിയൻ

ആശയങ്ങൾ പിന്നെ തീരെ കേൾക്കാതായി. മെല്ലെ മെല്ലെ സെക്കുലറിസത്തേയും ജനാധിപത്യത്തേയും അംഗീകരിക്കുന്ന വിരോധാഭാസമാണ് പിന്നെ കണ്ടത്. എന്നാൽ തങ്ങളുടെ ലക്ഷ്യം മൗദൂദിയുടെത് തന്നെയാണെന്നും പുതിയ നിലപാട് നിർബന്ധിത സാഹചര്യത്തിൽ താല്കാലികമായുള്ള ഒരു നീക്കു പോക്ക് മാത്രമാണെന്ന് അണികളെ ധരിപ്പിച്ചു കൊണ്ടിരുന്നു. പുതിയ തലമുറയിലെ ജമാഅത്തുകാരാവട്ടെ മൗദൂദിയൻ ആശയങ്ങളെ മറക്കാനും തുടങ്ങി. മൗദൂദിയൻ കൃതികൾ പലതും പ്രസാധനം നിറുത്തി. ചിലത് മാററങ്ങൾ വരുത്തി പുനഃ□പ്രസിദ്ധീകരിച്ചു. ജമാഅത്ത് മൗദൂദിയുടെ ആശയങ്ങളിൽ വെള്ളം ചേർക്കുകയാണെന്ന് വിമർശം വന്നു.

**ബാബ്‌രി മസ്ജിദ്**

ബാബ്‌രി മസ്ജിദിന്റെ തകർച്ചയെ തുടർന്ന് കൂടുതൽ തീവ്ര നിലപാടിലേക്ക് സിമി നീങ്ങുകയായിരുന്നു. അവർ ശക്തമായ പല പ്രമേയങ്ങളും പാസാക്കി. സെക്കുലറിസവും ജനാധിപത്യവും തകർന്നിരിക്കുന്നുവെന്നും ഇനി അവയുമായി ഒരു ബന്ധവുമില്ലെന്നും സിമി പ്രഖ്യാപിച്ചു. മുസ്‌ലിംകളെ വിഡ്ഢികളാക്കാൻ ഹിന്ദുക്കൾ ആവിഷ്കരിച്ച വഞ്ചനയാണ് സെക്കുലറിസമെന്ന് സിമി പ്രസിഡണ്ടിന്റെ പ്രസ്താവം വന്നു. ബാബ്‌രി മസ്ജിദ് പൊളിച്ചു മാററുന്നതിൽ കോൺഗ്രസ് കാണിച്ച കുററകൃത്യം സയണിസത്തിന് തുല്യമണെന്ന് സംഘടന കുററപ്പെടുത്തി. മുസ്‌ലിംകളെ വഞ്ചിക്കാനുള്ള സെക്കുലർ സർക്കസാണ് ബിജെപിയെ പോലെ ഇടത് പക്ഷവും ജനതാ ദളും തെലുഗു ദേശവും കോൺഗ്രസും എല്ലാം കൂടി നടത്തുന്നതെന്നും മുഖ പത്രമായ ഇസ്‌ലാമിക് മൂവ്മെന്റ് എഡിറേറാറിയലിൽ കുറിച്ചു. അറബികളുടെ ബഹുദൈവത്വത്തേക്കാൾ മാരകമാണ് സംഘ് പരിവാറിന്റെ പ്രവർത്തനങ്ങൾ. മുസ്‌ലിംകൾക്ക് ഒരു രക്ഷയും ഈ രാജ്യത്ത് ഇല്ലാതായിരിക്കുന്നു. അതിനാൽ ഇന്ത്യ യുദ്ധ ഭൂമിയായി (ദാറുൽ ഹർബ്) മാറിയിരിക്കുന്നു. സിമി മൗദൂദിയുടെ ആശയമംഗീകരിച്ച് തന്നെ 2004ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിന്ന് വിട്ടു നിന്നു. അതേ സമയം ജമാഅത്തെ ഇസ്‌ലാമി തിരഞ്ഞെടുപ്പിൽ സജീവമായി. ബി.ജെ.പിക്കെതിരെ സെക്കുലറിസത്തേയും ജനാധിപത്യത്തേയും വിജയിപ്പിക്കാൻ വേണ്ടി രംഗത്തിറങ്ങാനാണ് ജമാഅത്തിന്റെ ആഹ്വാനമുണ്ടായത്. അതേ സമയം വിശുദ്ധ യുദ്ധത്തിലൂടെ ദാറുൽ ഇസ്‌ലാം സ്ഥാപിക്കാൻ മുന്നിടേണ്ടത് ഓരോ മുസൽമാന്റെയും കടമയാണെന്ന് ഖുർആൻ വാക്യങ്ങളുടെ അകമ്പടിയോടെ സിമി നേതാക്കൾ പ്രചാരണം നടത്തി. ജനാധിപത്യവും സെക്കുലറിസവും മഹാ പാപമാണെന്നാണ് സിമി വാദിച്ചത്. ഖിലാഫത് ഉണ്ടെങ്കിലേ നമസ്കാരവും സകാത്തും നിർവഹിക്കുന്നതിലർഥമുള്ളു. ഖിലാഫത് ഇല്ലാത്ത ഒരു ഭൂമികയിൽ വെള്ളിയാഴ്ച നമസ്കാരം. നിർവഹിക്കേണ്ടതില്ലാ എന്ന് വരെ പ്രസ്താവിച്ചു കളഞ്ഞു (*ഇസ്‌ലാമിക് മൂവ്മെന്റ്*, 1996, നവംബർ- ഡിസംബർ, 73).

**ജമാഅത്തിനവകാശമില്ലെന്ന്**

ഖിലാഫതിനെ പററി മിണ്ടാത്ത ജമാഅത്തെ ഇസ്‌ലാമി മൗദൂദിസാഹിബിന്റെ ആശയങ്ങളിൽ നിന്ന് ബഹു ദൂരം അകന്ന് പോയതായി സിമി ആരോപിച്ചു. മൗദൂദിയുടെ നാമമുച്ചരിക്കാൻ ജമാഅത്ത് നേതാക്കൾക്ക് അവകാശമില്ലെന്നാണ് സിമി പറഞ്ഞത്. അതേ സമയം പാകിസ്ഥാനിലേയും ബംഗ്ലാദേശിലേയും ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ ജമാഅത്തുകാരെ പോലെ ഭീരുക്കളല്ലെന്നും എഴുതി. ദൈവ രാജ്യം തല്ക്കാലത്തേക്കാണ് മാററി വച്ചതെന്നും നല്ലൊരു അവസരത്തിന് വേണ്ടി കാത്തിരിക്കുകയാണെന്നുമാണ് ജമാഅത്ത് നേതാക്കൾ അവകാശപ്പെട്ടത്. ഈ കാത്തിരിപ്പിനെ നൂഹ് നബിയുടെ ദഅ്‌വത്തിനോടാണ് അവർ ഉപമിച്ചത്. സിമി ഈ വാദമൊന്നും അംഗീകരിച്ചില്ല. കേവലം 23 വർഷം കൊണ്ട് മുഹമ്മദ് നബി ഒരു സ്ററേററ് സ്ഥാപിച്ചത് എന്ത് കൊണ്ടാണ് ജമാഅത്ത് നേതാക്കൾ കാണാത്തത്? ഖിലാഫത് സ്ഥാപിക്കാൻ ജിഹാദ് അനിവാര്യമാണെന്ന് സിമി വിശ്വസിച്ചു. തങ്ങളുടെ തീവ്രവാദത്തിനനുകൂലമായി ഇസ്‌ലാമിനെ വ്യാഖ്യാനിക്കാനും സിമി മറന്നില്ല. മുഹമ്മദ് നബി യുദ്ധങ്ങളുടെ പ്രവാചകനാണെന്ന് അവർ സമർഥിച്ചു കളഞ്ഞു. ജിഹാദ് യുദ്ധം തന്നെയാണെന്നും അതിന്റെ പ്രാധാന്യം കുറച്ചത് പത്തൊമ്പതാം നൂററാണ്ടിലെ ഉലമകളാണെന്നും

സിമി ആരോപിച്ചു. കൊളോണിയലിസത്തിനെതിരെ നിരന്തരം സമരങ്ങളുണ്ടായപ്പോൾ ബ്രിട്ടീഷുകാർ ചില ഉലമകളെ കൈക്കൂലി കൊടുത്തു വശത്താക്കി. അവരാണ് ഇസ്‌ലാമിൽ ജിഹാദിന് സ്ഥാനമില്ലാതാക്കിയത് തുടങ്ങിയ വാദങ്ങളും സിമി ഉന്നയിച്ചു. മുഹമ്മദ് നബി ഇസ്‌ലാമിന്റെ സൈനിക കമാന്ററാണത്രേ. പ്രകൃതിയുടെ വിളിക്ക് പോവുമ്പോൾ പോലും അദ്ദേഹം ഒരു കുന്തം കൈയിൽ കരുതാറുണ്ടായിരുന്നു. മരണ സമയത്ത് എഴ് വാളുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. അതിനാൽ യുദ്ധത്തിന്റെ പ്രവാചകനാണ് മുഹമ്മദ് നബി എന്നാണ് ചില സിമി നേതാക്കൾ സമർഥിച്ചെടുത്തത്. ഹിന്ദുത്വ വാദികൾ ശ്രീരാമനെ യുദ്ധത്തിന് തയാറായി നില്ക്കുന്ന ഒരു യോദ്ധാവായി അവതരിപ്പിച്ചപ്പോൾ മുഹമ്മദ് നബിയേയും ഒരു യുദ്ധ നേതാവായി അംഗീകരിക്കുകയെന്ന തന്ത്രമാണ് ഇവർ സ്വീകരിച്ചത്.

ജമാഅത്ത് ഇസ്‌ലാമി തങ്ങളുടെ നേതാവ് നിഷിദ്ധമാക്കിയ സെക്കുലറിസത്തിനും ജനാധിപത്യത്തിനും അനുകൂലമായി രംഗത്തിറങ്ങിയത് വിരോധാഭാസമായി മുസ്‌ലിം നേതാക്കൾ അവതരിപ്പിച്ചു. ഒന്നുകിൽ ജമാഅത്ത് മൗദൂദിയെ തള്ളിപ്പറയണം; അല്ലെങ്കിൽ തങ്ങളുടെ ലക്ഷ്യമെന്താണെന്ന് തുറന്ന് പറയണം. ഇത് രണ്ടുമുണ്ടായില്ല. ബി.ജെ.പിക്കെതിരായ ഒരു മുന്നേററം ലക്ഷ്യമാക്കിയത് കൊണ്ട് ഭൂരിപക്ഷം ജമാഅത്ത് നേതാക്കളും ഈ ചുവട് മാററത്തെ പിന്തുണച്ചു. ഏതാനും പേർ വിട്ടു നിന്നു. സിമിയുടെ പഴിയും ജമാഅത്തിന് കേൾക്കേണ്ടി വന്നു.

2001ൽ സിമി നിരോധിക്കപ്പെട്ടത് വലിയ നേട്ടമായി ബി.ജെ.പി അവതരിപ്പിച്ചിരുന്നു. 2002ൽ നടന്ന യു. പി ഇലക്ഷനിൽ, സിമി പാകിസ്ഥാൻ ചാര സംഘമാണെന്നും, അതിനെ നിരോധിക്കുക വഴി മുസ്‌ലിം തീവ്രവാദത്തെ തങ്ങൾ ഇല്ലാതാക്കിയെന്നും ഹിന്ദു അണികളിൽ വ്യാപകമായി പ്രചരിപ്പിച്ചു. ഈ ഇലക്ഷനിൽ ജമാഅത്ത് ഒരു പ്രത്യേക പാർട്ടിയെ പിന്തുണച്ചില്ല. വോട്ട് ചെയ്യാൻ വേണ്ടി ബി.ജെ.പിക്കാരല്ലാത്ത ഏതാനും സ്ഥാനാർഥികളുടെ ലിസ്ററ് പുറത്ത് വിട്ടു. അതിൽ ഹിന്ദുക്കളും ഉണ്ടായിരുന്നു. മൂല്യം നോക്കി സ്ഥാനാർഥിയെ സ്വീകരിക്കുന്ന നിലപാട് അങ്ങനെ യു.പിയിൽ പരീക്ഷിച്ചു. ഇത് വിജയം കണ്ടതൊന്നുമില്ല. തങ്ങൾ പിന്തുണക്കുന്ന സ്ഥാനാർഥികളിൽ ഇരു കമ്യൂണിസ്ററ് പാർട്ടികളും ഉൾപ്പെട്ടിരുന്നു. തങ്ങൾ അടിസ്ഥാനപരമായി സെക്കുലറിസവും ജനാധിപത്യവും അംഗീകരിക്കുന്നില്ലെങ്കിലും താല്ക്കാലികമായ ഒരു ചുവട് മാററം മാത്രമാണതെന്ന് ജമാഅത്ത് നേതാക്കൾ തങ്ങളുടെ സമ്മേളനങ്ങളിൽ പറഞ്ഞു കൊണ്ടിരുന്നു. സെക്കുലറിസവും ജനാധിപത്യവും അമുസ്‌ലിം ഭരണവും ശിർക്കും, കുഫ്റും ജാഹിലിയ്യത്തുമാണെന്ന് ആണയിട്ടു പറഞ്ഞവർക്ക് അവയൊക്കെ എങ്ങനെ ഹലാലാ (അനുവദനീയം) ലായി എന്ന ചോദ്യം അപ്പോഴും നേതാക്കളെ ഉത്തരം മുട്ടിച്ചു കൊണ്ടിരുന്നു. കുഫ്രിയ്യത്തിനേയും ജാഹിലിയ്യത്തിനേയും ജമാഅത്ത് ദൈവീകമാക്കിയിരിക്കുന്നു എന്ന പരിഹാസം വേറെ.

**മൗദൂദിയെ മാററിയത്**

ജമാഅത്തിന് മൗദൂദി സാഹിബിനെ തല്ക്കാലത്തേക്കെങ്കിലും മൂലക്കിരുത്തേണ്ടി വന്നത് മൗദൂദിയൻ ദൈവ രാജ്യത്തെ മുസ്‌ലിം ഉലമകളും സമുദായവും അംഗീകരിച്ചില്ല എന്നത് കൊണ്ട് കൂടിയാണ്. രണ്ടാമത് മൗദൂദി വ്യക്തി പരമായി നടത്തിയ പരിചന്തനകൾ വിശാലമായ ഇസ്‌ലാമിക ബഹുസ്വരതയെ സങ്കുചിതമാക്കി എന്നതും. മൗദൂദി ഇസ്‌ലാമിക ചരിത്രത്തിലെ മതേതര വശങ്ങൾ ആർക്കോവേണ്ടി അവഗണിച്ചു. മൗദൂദിയെ മാററി നിറുത്തിയ സ്ഥിതിക്ക് ജമാഅത്ത് സംഘത്തെ പിരിച്ചു വിടേണ്ടതല്ലേ എന്ന ചോദ്യം വന്നപ്പോൾ, തങ്ങൾ മൗദൂദിയെ കെവിടുന്നില്ല എന്ന മറുപടിയാണ് നേതാക്കൾ ആവർത്തിച്ചത്. മൗദൂദി അവതരിപ്പിച്ച കുഫ്രിയ്യത്തുകളെ ഇസ്‌ലാമികമാക്കിഅവതരിപ്പിക്കുക എന്ന സൂത്രമാണ് ജമാഅത്ത് പ്രയോഗിച്ചത്. ഇന്ത്യയിലെ ഫാസിസ്ററ് സാഹചര്യം കുഫ്രിയ്യത്തിനോടും ജാഹിലിയ്യത്തിനോടും രാജിയാവാനുള്ള വഴി തുറന്ന് കൊടുത്തു. മുഖ്യ ലക്ഷ്യം ദൈവ രാജ്യം തന്നെ. അതിനു സമയമാവുമ്പോൾ മൗദൂദിയെ ഉയിർത്തെഴുന്നേല്പിക്കാമെന്നും നേതാക്കൾ കണക്ക് കൂട്ടുന്നു. അപ്പോൾ ജമാഅത്തിനെ എങ്ങനെ വിശ്വസിക്കുംഎന്നാണ് മതേതര വാദികൾ ചോദിക്കുന്നത്. മൗദൂദിസാഹിബിന്റെ ആശയങ്ങൾ നടപ്പാവാൻ പോവുന്നില്ല എന്ന് പല നേതാക്കൾക്കും അറിയാമായിരുന്നു. 1948ൽ തന്നെ ബനാറസിലെ ജമാഅത്ത് നേതാവ് ഹാഫിസ് ഇമാമുദ്ദീൻ രാംനഗരി, മൗദൂദിയുടെ നടക്കാത്ത സ്വപ്നങ്ങൾ

ജമാഅത്തിന്റെ ഭരണ ഘടനയിൽ നിന്നൊഴിവാക്കി കാലത്തിനൊത്തു സഞ്ചരിക്കാൻ ജമാഅത്തിനെ ഉപദേശിച്ചിരുന്നു. ജമാഅത്തെ ഇസ്‌ലാമിയിൽ നിന്ന് പിരിഞ്ഞു പോകുന്നവർ പാപികളാണെന്ന മൗദൂദിയുടെ പ്രഖ്യാപനം പിൻവലിക്കണമെന്നും  അഭിപ്രായപ്പെട്ടു(അബുല്ലൈസ് നദ്‌വി, *തശ്കിലാതേ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്*, 1990, 21-24). ഇദ്ദേഹത്തെ അമീർ അബുല്ലൈസ് നദ്‌വി പുറത്തത്താക്കി. ലക്ഷ്യങ്ങളിൽ നിന്ന് ഒരിഞ്ച് പിന്നോട്ട് പോവില്ലെന്ന് നദ്‌വി പുറത്താക്കിയത് സംബന്ധിച്ച കുറിപ്പിൽ പറയുകയും ചെയ്തു. അങ്ങനെ മാററം വരുത്തിയാൽ ജമാഅത്തേ ഇസ്‌ലാമിയും ജംഇയ്യത്തുൽ ഉലമായേ ഹിന്ദും തമ്മിൽ എന്ത് വ്യത്യാസമാണുള്ളതെന്നും അദ്ദേഹം ചോദിച്ചു (അതേ കൃതി, 61). താൻ പുറത്ത് പോന്നെങ്കിലും നമ്മുടെ സൗഹൃദം തുടർന്ന് കൂടേ എന്ന് രാം നഗറി അബുല്ലൈസിന് എഴുതിയിരുന്നു. തങ്ങളോടൊപ്പം പ്രവർത്തിക്കുന്നവരുടെ സൗഹൃദമേ തങ്ങൾക്ക് ആവശ്യമുള്ളുവെന്നും താങ്കളുമായി അതിന് സാധ്യമല്ലെന്നും അമീർ മറുപടി എഴുതി.

**ഹിന്ദു ഭരിച്ചോട്ടെ**

1949ൽ അബുല്ലൈസ് ഒരു ലഘു ലേഖ പുറത്തിറക്കി; *ക്യാ ഹിന്ദുസ്ഥാൻ ദുൻയാ കാ റാഹ്നുമാ ബൻ സക്താഹെ'* (ഇന്ത്യക്കെന്താ ലോക നേതൃത്വത്തിലേക്ക് വന്നു കടേ?) എന്ന പേരിൽ.  ഇത് 1947ൽ മൗദൂദി ഹിന്ദുക്കൾക്ക് നല്കിയ ഒരു പ്രസ്താവനയെ അധികരിച്ചായിരുന്നു. ദൈവ സമർപ്പണം, ദൈവത്തിന്റെ ഭരണം, മാനവികത എന്നീ മൂന്ന് ആശയിങ്ങളിൽ നിന്ന് കൊണ്ട് ഹിന്ദുക്കൾ ഭരിക്കാൻ തയാറായാൽ മുസ്‌ലിംകൾ അവരെ സഹായിക്കാമെന്ന് മൗദൂദി വച്ച വ്യവസ്ഥയായിരുന്നു ഇത്. യൂറോപ്യൻ ജനാധിപത്യത്തിനും റഷ്യൻ കമ്യൂണിസത്തിനും എതിരെ ഹിന്ദുക്കൾ പൊരുതുന്ന സ്ഥിതിക്ക് ഇസ്‌ലാമിക ഭരണം അംഗീകരിച്ച് കൊണ്ട് മുന്നോട്ട് പോയാൽ ലോകത്തിന്റെ നേതൃത്വം ഹിന്ദുക്കൾക്ക് കൈവരും എന്നതായിരുന്നു അബുല്ലൈസിന്റെ ലഘുലേഖയുടെ ആകെത്തുക. ഹിന്ദുക്കൾ സ്വാഭാവികമായും അമീറിന്റെ പ്രസ്താവം ശ്രദ്ധിച്ചതേയില്ല. ഇസ്‌ലാമിക വ്യവസ്ഥ ഹിന്ദുക്കൾ അംഗീകരിക്കാൻ തയാറല്ലെങ്കിൽ ഒരു ഹിന്ദു ഭരണം ഏർപ്പെടുത്താൻ അമീർ 1950ൽ അഭ്യർഥിച്ചു. അത് മുസ്‌ലിംകളെ എങ്ങനെ ഗണിച്ചാലും മുസ്‌ലിംകളത് സഹിക്കാൻ തയാറാണെന്നും എന്നാലും സെക്കുലറിസത്തെ അംഗീകരിക്കരുതെന്നും അമീർ പറഞ്ഞു (*റൂദാദേ ഇജ്തിമാ റാം പൂർ*, 1951,60-61). ഹിന്ദുക്കൾക്ക് അവരുടെ ഹിന്ദു രാജ്യം അനുവദിച്ചാൽ ഭരിക്കാൻ ആശയങ്ങളില്ലാതെ അവർ ഇസ്‌ലാം ഭരണം അംഗീകരിക്കുമെന്ന മൗദൂദിയുടെ കണക്കു കൂട്ടലുകളാണ് അമീറിനെ ഇത്തരം പ്രസ്താവങ്ങളുമായി വരാൻ പ്രേരിപ്പിച്ചത്.  'ഹിന്ദു ഭരണത്തിൽ തങ്ങളെപ്പോലുള്ള മുസ്‌ലിംകൾക്ക് മരണമാണ് വിധിക്കുന്നതെങ്കിലും അതനുസരിക്കാൻ ഞങ്ങൾ തയാറാണ്,' (റൂദാദേ....,61-2)

ഭരണം ഹിന്ദുക്കൾ നടത്തിക്കോള്ളട്ടെ; പക്ഷേ,അവർ ഇസ്‌ലാമിക തത്വങ്ങൾ സ്വീകരിക്കണമെന്ന് മൗദൂദി സാഹിബ് ഹിന്ദുക്കളോട് അഭ്യർഥിച്ചിരുന്നു. 1947 മേയിൽ മൗദൂദി എഴുതി: നമ്മുടെ ലക്ഷ്യം ഇന്നത്തെ വ്യവസ്ഥിതി നടത്തുന്നവരെ മാററുകയല്ല; വ്യവസ്ഥിതി തന്നെ മാററുകയാണ്. ഇന്നത്തെ ഈ വ്യവസ്ഥ തുടരാൻ പാടില്ല. ഒരു പാശ്ചാത്യന് പകരം പൗരസ്ത്യൻ വന്നത് കൊണ്ടോ, ബ്രിട്ടീഷുകാരന് പകരം ഇന്ത്യക്കാരൻ വന്നത് കൊണ്ടോഹിന്ദുവിന് പകരം മുസ്‌ലിം വന്നത് കൊണ്ടോ, വ്യവസ്ഥ മാറില്ല. നടപ്പാക്കുന്ന കൈകളെ മാററുകയല്ല നമ്മുടെ ലക്ഷ്യം. വ്യവസ്ഥ തന്നെ മാറണം. പന്നിയിറച്ചി മുസൽമാൻ പാകം ചെയ്താലും ഹിന്ദു പാകം ചെയ്താലും നിഷിദ്ധം തന്നെയാണ്. മുസൽമാനാണെങ്കിൽ എരിവു കൂടുകയും ചെയ്യും (മൗദൂദി, *ജമാഅത്തെ ഇസ്‌ലാമി കീ ദഅ്‌വത്*, റാം പൂർ, 1951, 6-7). ഇവിടെ മുസ്‌ലിം എന്നത് കൊണ്ട് മൗദൂദി ലക്ഷ്യമാക്കുന്നത് മുസ്‌ലിം ലീഗിനെയാണ്. കാരണം ജമാഅത്തിന്റെ ശരീഅത് മുസ്‌ലിം ലീഗ് അംഗീകരിക്കുന്നില്ല. പാകിസ്ഥാനിലെ മുസ്‌ലി ലീഗിനേയും മൗദൂദി ശക്തമായി എതിർക്കുന്നുണ്ട്. അവിടേയും കാഫിർ വ്യവസ്ഥയാണ് (കാഫിറാനാ നിസാം) ലീഗ് പിന്തുടർന്നത്. രാം പ്രസാദിന് പകരം അബ്ദുല്ല വന്നുവെന്ന് മാത്രം. ദൈവീക വ്യവസ്ഥിതി അംഗീകരിക്കുന്നുവെങ്കിൽ ഹിന്ദുവിനും ഭരണം നടത്താം എന്നാണ് ഇന്ത്യൻ ജമാഅത്ത് വ്യാഖ്യാനിച്ചത്. അതിന് ഹിന്ദുക്കൾ മതം മാറേണ്ടതില്ല. അവർ ഇസ്‌ലാമിക വ്യവസ്ഥ അനുസരിച്ച് രാജ്യം ഭരിച്ചാൽ മതി. മൗദൂദിയുടെ ഇത്തരം അപ്രായോഗിക ചിന്തകളെ അനുയായികൾ കണ്ണടച്ചു അംഗീകരിച്ചു.

**കമ്യൂണിസ്ററ്**

കമ്യൂണിസ്ററുകാരായിട്ട് ഇന്ത്യയിൽ ഒരു ശതമാനം പോലും ജനങ്ങൾ ഇല്ല. എന്നിട്ടും അവർ ഇവിടെ കമ്യൂണിസ്ററ് ഭരണം കൊണ്ടു വരാൻ ശ്രമിക്കുന്നു. എന്നാൽ മുസ്‌ലിംകൾ നാൽപത്തഞ്ച് മില്യൻ ഉണ്ട്. ഇവരിൽ പകുതി പേർ മാത്രം വിചാരിച്ചാൽ മതി, കമ്യൂണിസ്ററുകാരെക്കാൾ ആയിരം ഇരട്ടി ചാൻസ് മുസ്‌ലിംകൾക്കുണ്ട്. ലോകത്തെ മുഴുവൻ ജനസംഖ്യയും പരിഗണിക്കുമ്പോൾ ആറിലൊന്നു പേർ മുസ്‌ലിംകളാണ്. എന്നാൽ മുന്നൂറിലൊരാൾ മാത്രമാണ് കമ്യൂണിസ്ററുകാരുള്ളത്. പക്ഷേ ആ ചെറിയ എണ്ണം ആളുകൾ ലോകത്തിന്റെ നാലിലൊന്ന് ഭാഗത്ത് സ്വാധീനമുറപ്പിച്ചിരിക്കുന്നു. വൻ ശക്തികളിൽ അവർ ഉൾപ്പെടുകയും ചെയ്യുന്നു (*സിന്ദഗി*, 1955, ജൂലൈ –ആഗ്ററ്, 66). ഭൂരിപക്ഷം ന്യൂനപക്ഷം എന്നിങ്ങനെയുള്ള വേർതിരിവ് അസംബന്ധമാണ്. ഒരു പ്രസ്ഥാനം വിജയിക്കുന്നത് അതിന്റെ പ്രവർത്തനവും പ്രവർത്തകൻമാർ നടത്തുന്ന ത്യാഗവും ആശ്രയിച്ചാണ് (67). കമ്യൂണിസം ഇസ്‌ലാമിന്റെ ശത്രുവാണെന്ന് ജമാഅത്ത് നിരന്തരം പ്രചരിപ്പിച്ചു കൊണ്ടിരുന്നു. 1950കളിൽ കമ്യൂണിസത്തിനെതിരെ മൂന്ന് ഉർദു പുസതകങ്ങൾ പ്രസിദ്ധീകരിച്ചു.

ജമാഅത്തിന്റെ താഗൂതി (പൈശാചിക) വ്യവസ്ഥകളിൽ സെക്കുലറിസവും, ജനാധിപത്യവും മാത്രമല്ല; അതിനോടനുബന്ധിച്ചുള്ള എല്ലാം നിഷിദ്ധമായിരുന്നു. നീതി ന്യായം, സൈന്യം, ബാങ്കിങ്ങ്, വിദ്യാഭ്യാസ സമ്പ്രദായം, തിരഞ്ഞെടുപ്പ് എല്ലാം ഹറാം തന്നെ. ഏററവും പൈശാചികമാണ് നീതി ന്യായ വ്യവസ്ഥ. കേസുകൾ കോടതിയലേക്കെടുക്കുന്നതും രാജ്യത്തെ നീതി ന്യായ രംഗത്ത് ജോലി ചെയ്യുന്നതും ജമാഅത്ത് നേതാക്കൾ വിലക്കി. 1954ൽ അബുല്ലൈസ് നദ്‌വിയും ജമാഅത്ത് നേതാക്കളും അറസ്ററ് ചെയ്യപ്പെട്ടപ്പോൾ അവർ കോടതിയിൽ വാദിക്കാൻ പോയില്ല. സൈന്യത്തിൽ പങ്കെടുക്കുന്നതും നിഷിദ്ധമാക്കി. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പാർലമെന്റ് തിരഞ്ഞെടപ്പ് 1951–52ലായിരുന്നു. തിരഞ്ഞെടുപ്പിൽ പങ്കെടുക്കരുതെന്ന് പറഞ്ഞ് അബുല്ലൈസ് നദ്‌വിയും നേതാക്കളും പ്രചാരണം നടത്തുകയും ചെയ്തല്ലോ. 'ഇന്ത്യൻ മുസ്‌ലിംകളും തിരഞ്ഞെടുപ്പും' എന്ന പേരിൽ വിവിധ ഭാഷകളിൽ ലഘുലേഖ പുറത്തിറക്കി. നദ്‌വി ഇപ്രകാരം വാദിച്ചു: ' അല്ലാഹുവിന്റെ ആധിപത്യത്തിലാണ് മുസ്‌ലിം വിശ്വസിക്കുന്നത്. അത് അവന്റെ സത്യ സാക്ഷ്യത്തിന്റെ(കലിമ)അടിസ്ഥാനമാണ്. തിരഞ്ഞെടുപ്പിന്റെ ഈ ബഹളം മുഴുവൻ ജനങ്ങളുടെ ആധിപത്യവുമായി ബന്ധപ്പെട്ടതാണ്. അത് എങ്ങനെ വലിച്ചു നീട്ടിയാലും ദൈവത്തിന്റെ ആധിപത്യത്തിലേക്കെത്തില്ല. (*മസാഇലേ ഇൻതിഖാബാത് ഔർ മുസൽമാനാനേ ഹിന്ദ്*, റാംപൂർ, 1951, 63) 'വിശദീകരണത്തിലേക്ക് പോകുമ്പോൾ നിങ്ങൾക്ക് ബോധ്യപ്പെടും; നിങ്ങൾ ഓരോ പാദത്തിലും അല്ലാഹുവിന്റെ ശരീഅത്തിനെ കാററിൽ പറത്തുകയാണ്' (63). പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും അദ്ദേഹം വിലക്കി.

മുസ്‌ലിം സംഘടനകൾ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത് ഭീകരമായ അപരാധമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ഇക്കാര്യത്തിലുള്ള ദിയോബന്ദി ഉലമകളുടെ നിലപാടിനെ ശക്തമായി എതിർത്തു. 1950ൽ സഹീറുൽ ഹസൻ ലാഹോരി മുസ്‌ലിംകളുടെ സംരക്ഷണത്തിന് വേണ്ടി ഐക്യപ്പെടാൻ ലക്നോവിൽ ഒരു മുസ്‌ലിം സമ്മേളനം വിളിച്ചു. അബുല്ലൈസ് നദ്‌വിയേയും ക്ഷണിച്ചെങ്കിലും അദ്ദേഹം പങ്കെടുത്തില്ല. ആ സംഘടന യഥാർഥ ശരീഅത്ത് പ്രകാരമുള്ള വ്യവസ്ഥ അംഗീകരിക്കാത്തവരുടെ കൂട്ടായ്മയാണ് എന്നതായിരുന്നു കാരണം. ഇതേ കാരണം കൊണ്ടു തന്നെ ജോൻപൂരിൽ സംഘടിപ്പിച്ച മുസ്‌ലിം ഐക്യ സമ്മേളനത്തിലും ജമാഅത്ത് നേതാക്കൾ പങ്കെടുത്തില്ല. 1961ലെ മുസ്‌ലിം സമ്മേളനത്തിലും അവർ പങ്കെടുത്തില്ല. 1957ലെ തിരഞ്ഞെടുപ്പും ജമാഅത്ത് ബഹിഷ്കരിച്ചു. തിരഞ്ഞെടുപ്പിലൂടെ ശരീഅത്തല്ലാത്ത ഒരു ഭരണ വ്യവസ്ഥയിലേക്ക് മെമ്പറെ തിരഞ്ഞെടുക്കുന്നത് കടുത്ത പാപമാണെന്ന് അമീർ പറഞ്ഞു: 'ഇന്ത്യ സെക്കുലറിസത്തെ അംഗീകരിച്ചത് വലിയ തെററാണെന്ന് ഞങ്ങൾ ഗണിക്കുന്നു,' എന്നാൽ തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കണമെന്ന് അദ്ദേഹം ഇക്കുറി ആവശ്യപ്പെട്ടില്ല. അതിനു വേണ്ടി പ്രചാരണവും നടത്തിയില്ല. ജമാഅത്തിലെ വലിയൊരു വിഭാഗം ഭരണഘടനയുമായി രാജിയാവണമെന്ന അഭിപ്രായക്കാരായിരുന്നു. ബഹുദൈവത്വമായി മുദ്ര കുത്തിയ ഒരു വ്യവസ്ഥയുമായി രാജിയാവുക എന്നതിനെ ജനങ്ങളെ എങ്ങനെ ബോധ്യപ്പെടുത്തും എന്നതായിരുന്നു പ്രശ്നം. അതിന് സാവകാശം

വേണം. ജമാഅത്ത് അവരുടെ സാഹിത്യങ്ങളിലും പ്രസംഗങ്ങളിലും അതിനുള്ള ന്യായങ്ങൾ പടച്ചു കൊണ്ടരിുന്നു. 1962ലെ തിരഞ്ഞെടുപ്പ് വേളയിൽ ഒരു കരണം മറിച്ചിലിലൂടെ ജമാഅത്ത് തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ തീരുമാനിച്ചു. *പസ് ചെ ബയദ് കർദ്* (എന്താണ് ചെയ്യേണ്ടത്?)എന്നൊരു ലഘുലേഖ നാടു നീളെ വിതരണം ചെയ്തു. 'തിരഞ്ഞെടുപ്പിൽ നിന്ന് മാറി നില്ക്കുന്നത് ആത്മഹത്യാ പരമാണെന്നും അതിനാൽ എല്ലാവരും വോട്ട് ചെയ്യണമെന്നുമാണ് മൗലാനാ അബുൽല്ലൈസ് ഈ ലഘുഖേയിൽ ആഭ്യർഥിച്ചത്. തങ്ങളിത്വരെ അനുവർത്തിച്ച നയം തെററായിരുന്നുവെന്ന് അദ്ദേഹം എവിടേയും പറഞ്ഞില്ല. മൗദൂദിയുടെ ന്യായങ്ങളെ വിമർശിച്ചതുമില്ല. എന്നാൽ ജമാഅത്തിന്റെ ഒരു രഹസ്യ അജണ്ടയായാണ് ഇതിനെ പലരും വിലയിരുത്തിയത്. ദൈവരാജ്യത്തിലേക്കുള്ള ഒരു താല്ക്കാലിക വഴി എന്ന നിലക്ക് മാത്രമാണ് തങ്ങൾ ജനാധിപത്യത്തേയും സെക്കുലറിസത്തേയും അംഗീകരിക്കുന്നതെന്ന് അവർ രഹസ്യമായി ബോധ്യപ്പെടുത്തിക്കൊണ്ടരിരുന്നു. മൗദൂദി സാഹിബിന്റെ  ദൈവരാജ്യം ജമാഅത്തിന്റെ ലക്ഷ്യമാണോ എന്ന ചോദ്യത്തിനും ജമാഅത്ത് പൊതുവിൽ മറുപടി പറഞ്ഞില്ല. ചുരുക്കത്തിൽ ഈ ചുവട് മാററം മുസ്ലിംകളിൽ നിന്നും അല്ലാത്തവരിൽ നിന്നും ഉയർന്ന കടുത്ത വിമർശത്തെ തടയിടാൻ മാത്രമായിരുന്നു.

**ഉലമാ ഹിന്ദ്**

ജംഇയ്യത്തുൽ ഉലമാ ഹിന്ദ് ശക്തമായി തന്നെ ജമാഅത്തിനെ വിമർശിച്ചു കൊണ്ടിരുന്നു. 1951ൽ ഉലമാ ഹിന്ദ് ജമാഅത്തെ ഇസ്ലാമിക്കെതിരെ നിരന്തരം മതവിധി (ഫത്വ)കൾ പ്രഖ്യാപിച്ചു: 'മൗദൂദി എന്ന കുഴപ്പക്കാരനെ (ഫിത്ന) തുടച്ചു മാററുക; മൗദൂദി പ്രസ്ഥാനം കടുത്ത വിഷമാണ്; മൗദൂദിയുടെ ആളുകൾ പിഴച്ചവരാണ്; മൗദൂദികളുടെ കൂടെ നമസ്കരിക്കരുത് തുടങ്ങി കടുത്തവിമർശനങ്ങളാണ് ഫത്വകളിൽ ഉലമാ ഹിന്ദ് ഉയർത്തിയത്. മൗദൂദി ആശയമുള്ളവരെ പാരമ്പര്യ (അഹ്ലുസ്സുന്ന) സ്ഥാപനങ്ങളിൽ നിന്ന് പുറത്താക്കാനും ആഹ്വാനമുണ്ടായി. അതിന്റെ അലയൊലി ഇങ്ങ് കേരളത്തിൽ വരെ ശക്തമായി. പൊതു ജനങ്ങളുടെ വിമർശങ്ങളും പ്രതികരണവും ജമാഅത്തിനെ തളർത്തിയെന്ന് വേണം പറയാൻ. തല്കാലം മുഖം രക്ഷപ്പെടുത്താൻ കൂടിയായിരുന്നു തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാനുള്ള തീരുമാനം. അതോടൊപ്പം ഹിന്ദുത്വം ശക്തി പ്രാപിക്കുന്ന സന്ദർഭമായതിനാൽ ജമാഅത്തിനകത്ത് നിന്ന് തന്നെ തിരഞ്ഞെടുപ്പിൽ പങ്കു കൊള്ളാനുള്ള ശക്തമായ സമ്മർദ്ദമുണ്ടായി. തിരഞ്ഞെടുപ്പിൽ നിന്ന് മാറി നില്ക്കുന്നത് ആത്മഹത്യാപരമായിരിക്കുമെന്ന് പലരും മുന്നറിയിപ്പ് നല്കുകയും ചെയ്തു.

1962ലെ തരിഞ്ഞെടുപ്പ് കാലത്ത് □നദ്വിയും ജമാഅത്തും ഒരു പടി കൂടി മുന്നോട്ട് പോയി. മുമ്പ് മുസ്ലിംകളുടെ കൂട്ടായ്മകളിൽ നിന്ന് വിട്ട് നിന്ന ഇതേ അമീർ എല്ലാ മുസ്ലിം സംഘടനകളുടേയും ഒരു യോഗം വിളിക്കാൻ നിശ്ചയിച്ചു. 1964 ലക്നോവിലെ നദ്വത് കോളജിൽ അബുൽ ഹസൻ അലി നദ്വിയുടെ നേതൃത്വത്തിൽ ആൾ ഇന്ത്യാ മജ്ലിസെ മുശാവറത് രൂപീകരിച്ചപ്പോൾ ജമാഅത്ത് അതിന് പിന്തുണ നല്കുകയും ചെയ്തു. അതോടെ ജമാഅത്ത് പരസ്യമായി തന്നെ ഭരണ ഘടനയേയും ജനാധിപത്യത്തേയും സെക്കുലറിസത്തേയും തങ്ങൾ പിന്തുണക്കുന്നതായി ജനങ്ങളെ ബോധ്യപ്പെടുത്തി. തങ്ങളുടെ നയം വ്യക്തമാക്കിയത് ഇങ്ങനെ: 1. ദൈവ വിരുദ്ധമായ ഒരു വ്യവസ്ഥിതിയെ നില നിറുത്താനാണ് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് എങ്കിൽ അത് നിയമ വിരുദ്ധമാണ്. 2, ഇന്ത്യൻ ഭരണ ഘടനയെ ഇസ്ലാമിക വത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണെങ്കിൽ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാം.(*ജമാഅത്തെ ഇസ്ലാമി ഹിന്ദ് ഔർ മസ്അലായേ ഇൻതിഖാബാത്*). ദൈവരാജ്യമെന്ന തങ്ങളുടെ ലക്ഷ്യം വീണ്ടും ഉറപ്പിക്കുകയായിരുന്നു ജമാഅത്ത്. സെക്കുലറിസവും ജനാധിപത്യവും അംഗീകരിക്കുന്നത് തല്ക്കാലികമാണെന്നും വ്യക്തം. സമയം വരുമ്പോൾ ദൈവ രാജ്യം സ്ഥാപിക്കുമെന്ന് സിദ്ധം. 1961ലെ ശൂറാ (കേന്ദ്ര നേതൃത്വം) യിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഈ യോഗത്തിൽ തന്നെ ജമാഅത്ത് അംഗങ്ങൾ നേരിട്ട് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിലക്കി. വോട്ട് ചെയ്യുന്നത് ചില ഉപാധികളോടെ മാത്രമേ പാടുള്ളുവെന്നും നിശ്ചയിച്ചു. വോട്ട് ചെയ്യുന്നത് 'ഇസ്ലാമികമല്ലാത്ത പാർട്ടിയിൽ നിന്നുള്ള സ്ഥാനാർഥിയല്ലെങ്കിൽ' അവർക്ക് വോട്ട് ചെയ്യുന്നത് നിയമ വിധേയമാണെന്നും തീരുമാനമുണ്ടായി.

(അതേ കൃതി). സ്ഥാനാർഥി ഇസ്‌ലാമിക പാർട്ടിയിൽ നിന്നാവണം എന്ന് പറയേണ്ടിടത്താണ് ഇങ്ങനെ വളച്ചു തിരിച്ച് തീരുമാനിച്ചത്. മനസ്സിലാക്കാനും പ്രയാസം. എന്നാൽ അതൊരു ശൈലിയാണെന്ന് വച്ച് സമാധാനിക്കാം. 1966ൽ ശൂറയുടെ തീരുമാനത്തിൽ പിന്നേയും മാററങ്ങൾ വന്നു: സത്യത്തിനെതിരെയുള്ള ഒരു ഇസ്‌ലാമിക വിരുദ്ധ സർക്കാറാണെന്ന് ഉറപ്പിച്ച് കൊണ്ട് തന്നെ ഇസ്‌ലാമിന്റെയും മുസ്‌ലിമിന്റേയും താല്പര്യത്തിന് വേണ്ടി തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ നിർദേശിച്ചു. അതോടൊപ്പം ജമാഅത്തുകാർ ആരും സ്ഥാനാർഥിയാവരുതെന്നും അംഗങ്ങൾ വോട്ട് ചെയ്യരുതെന്നും തീരുമാനിച്ചു. 1967ൽ വോട്ട് നിരോധം പൂർണമായും നീക്കി. തീരുമാനം അമീറിന്റേതായിരുന്നു. പക്ഷേ 1968ലെ ശൂറാ യോഗത്തിൽ ഭൂരിപക്ഷം പേരും സ്ഥിരമായി വോട്ട് ചെയ്യാനുള്ള തീരുമാനത്തെ എതിർത്തു. ജമാഅത്തിൽ നല്ലൊരു വിഭാഗം അമീറിനെതിരായി മാറിയിരുന്നു. ശൂറായുടെ ഉപരി സംഘടനയായ മജ്‌ലിസേ നുമാഇൻദഗാനിലും അമീറിന്റെ തീരുമാനത്തിന് ഭൂരിപക്ഷ പിന്തുണ ലഭിച്ചില്ല. ഇതോടെ നദ്‌വിക്ക് സ്ഥാനമൊഴിയേണ്ടി വന്നു. പകരം മൗലാനാ യൂസുഫ് നദ്‌വി 1972ൽ അമീറായി സ്ഥാനമേററു. യൂസുഫ് ഭൗതിക വിദ്യാഭ്യാസം നേടിയ ആളാണ്. കോടതി ജീവനക്കാരനുമായിരുന്നു. പിന്നീട് മൗദൂദിയിൽ ആകൃഷ്ടനായി ജോലി രാജി വച്ചതാണ്.

**അടിയന്തിരാവസ്ഥയിൽ**

1975ൽ ഇന്ദിരാ ഗാന്ധി രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഭരണ ഘടനയുടെ നാല്പത്തിരണ്ടാം ഭേദഗതി ഉപയോഗിച്ച് അവർ പ്രതിപക്ഷ പാർട്ടികളെ നിരോധിച്ചു. ആറെസ്സെസ്സിനോടൊപ്പം ജമാഅത്തെ ഇസ്‌ലാമിയെയും നിരോധിച്ചു. 1977ൽ അവർ പാർലിമെന്റ് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ തീരുമാനമില്ലാതെ തന്നെ ജമാഅത്ത് അംഗങ്ങൾ ഇന്ദിരാഗാന്ധിക്കെതിരെ വോട്ട് ചെയ്തു. അടിയന്തിരാവസ്ഥക്കാലത്ത് ജയിലിൽ വച്ച് ആറെസ്സെസ്സുമായി സന്ധിയാവുകയും ചെയ്തു. 1977ൽ ശൂറ വീണ്ടും കൂടി. അതിൽ രണ്ടായിരത്തോളം വരുന്ന ജമാഅത്ത് അംഗങ്ങൾക്ക് ഒരു ചേദ്യാവലി അയച്ചു. വോട്ടിന്റെ കാര്യത്തിൽ അംഗങ്ങളുടെ തീരുമാനമിറയുകയായിരുന്നു ലക്ഷ്യം. 1046 പേർ വോട്ടിനനുകൂലമായി പ്രതികരിച്ചു. 277 പേർ എതിർത്തു. ശൂറാ യോഗത്തിൽ 17ൽ ഒമ്പത് പേർ വോട്ടിനെ അനുകൂലിച്ചു. ഉപരി സമിതിയിലും ഭൂരിപക്ഷം പേരും വോട്ട് ചെയ്യുന്നതിനനുകൂലമായി പ്രതികരിച്ചു. അതോടെ 1977ലെ തിരഞ്ഞെടുപ്പിൽ ജമാഅത്ത് അംഗങ്ങൾ സംശയമന്യേ വോട്ടു ചെയ്തു. വോട്ട് ചെയ്യുന്ന സ്ഥാനാർഥികൾ മുസ്‌ലിമാവണമെന്ന നിബന്ധനയും വേണ്ടെന്ന് വച്ചു. ജനാധിപത്യം സംരക്ഷിക്കുന്നവർക്ക് വോട്ടു ചെയ്യുക എന്ന തീരുമാനമാണ് ഇപ്പോൾ സ്വീകരിച്ചത്. വിരോധാഭാസം 1978ൽ വീണ്ടും തലപൊക്കി. വോട്ട് നിരോധം എർപ്പെടുത്താൻ പ്രമേയം കൊണ്ടു വന്നെങ്കിലും അത് പാസായില്ല. വോട്ട് നിരോധം പൂർണമായും ഒഴിവാക്കണമെന്ന് പല പ്രാദേശിക ഘടകങ്ങളും ശൂറയോടഭ്യർഥിച്ചു. ഹൈദരാബാദ് യൂണിററ് വോട്ട് നിരോധം നീക്കണമെന്നാശ്യപ്പെട്ട് പ്രമേയം പാസാക്കി അയച്ചു. നേതൃത്വത്തിന്റെ നയത്തിൽ പ്രതിഷേധിച്ച് മഹാരാഷ്ട്ര അമീർ പീർ സാദാ രാജി വച്ചു. സംഘടന സങ്കുചിതത്വത്തിന്റെ പിന്നാലെയാണെന്ന് അദ്ദേഹം കുററപ്പെടുത്തി. രാജ്യത്തിന്റെ പല ഭാഗങ്ങളിലും അംഗങ്ങൾ രാജിവച്ച് പുറത്ത് വന്നു. എസ്.ഐ.ഒയിൽ നിന്നും ഇപ്രകാരം രാജിയുണ്ടായി. നിരോധം നീക്കുന്നതിന് മുഖ്യമായും തടസ്സം അമീർ യൂസുഫ് തന്നെ. 1980ൽ യൂസുഫിനെ മാററി അബുല്ലൈസ്സ് നദ്‌വിയെ തന്നെ അമീറാക്കി. വോട്ട് നിരോധം ശൂറയുടെ 11/8ന്റെ ഭൂരിപക്ഷ പ്രകാരം നീക്കി. കുപിതനായ മുൻ അമീർ തീരുമാനത്തെ ബിംബങ്ങളുമായി സഹകരിക്കുന്നതിന് തുല്യമാക്കി വ്യാഖ്യാനിച്ചു. അത് താഗൂതിനോട് സഹകരിക്കലാണ്. അല്ലാഹുവിനെ ധിക്കരിക്കലാണ്. ബഹുദൈവത്വമാണ്. പലരും രാജി വയ്ക്കാനൊരുങ്ങി. വോട്ട് നിരോധം നീക്കാനുള്ള തീരുമാനം ഏകദൈവത്വത്തിൽ വെള്ളം ചേർക്കലാണെന്ന് അവർ ആരോപിച്ചു. ജമാഅത്ത് ഒരു പിളർപ്പിന്റെ വക്കോളമെത്തി. എന്നാൽ വോട്ട് നിരോധം നീക്കിയത് തീരുമാനമായി തന്നെ തുടർന്നു. 1985ൽ വോട്ടിങ്ങിന് ചില നിബന്ധനകളുമായി ശൂറാ മുന്നോട്ട് വന്നു. മൂല്യമുള്ള സ്ഥാനാർഥികൾക്ക് വോട്ട് ചെയ്യുക എന്ന ആശയം വീണ്ടും പരീക്ഷിക്കുകയാണ്. സ്ഥാനാർഥി മുസ്‌ലിമാവണമെന്ന നിബന്ധനയും വേണ്ട. മൂല്യം എത്രയാണെന്ന് ജമാഅത്ത് നേതാക്കൾ തന്നെ അളന്ന് കൊള്ളും. ഒരു പൈശാചികത്വത്തിന് (താഗൂത്) ദൈവീകതയുടെ മൂടുപടമിടാനുള്ള ജോലി അതി കഠിനം തന്നെ. ഇതിന് 25 വർഷം വേണ്ടി വന്നു

ജമാഅത്തെ ഇസ്‌ലാമിക്ക്. അതേ സമയം നേരത്തെ ഉലമകളെടുത്ത തീരുമാനത്തെ അംഗീകരിച്ചിരുന്നെങ്കിൽ ഈ സംഘം ബഹുദൂരം മുന്നോട്ടു പോയേനെ. നേതാവ് ചെയ്ത അബദ്ധം അണികൾ അണ്ണാക്ക് തൊടാതെ വിഴുങ്ങിയതാണ് ഈ പ്രസ്ഥാനത്തെ ഒന്നാകെ ഒന്നുമല്ലാതാക്കിയത്. അതിനിടക്ക് ഹുകൂമത്തേ ഇലാഹിയേയും ഇഖാമത്തു ദീനിനേയും ഒളിപ്പിച്ചു വച്ചു. ബേജാറാവേണ്ട; എല്ലാം സമയമാവുമ്പോൾ തിരിച്ചു കൊണ്ടു വരും. അങ്ങനെയാണ് തങ്ങളുടെ 'അന്യായ'ങ്ങളെ ന്യായീകരിച്ച് അണികളെ സമാധാനിപ്പിക്കാൻ ശ്രമിച്ചത്. ഒരേ സമയം ഇസ്‌ലാമിനേയും ജാഹിലിയ്യത്തി (അജ്ഞത)നേയും താലോലിച്ചപ്പോൾ രണ്ട് തോണിയിലും കാലിട്ട അനുഭവമാണ് ജമാഅത്തെ ഇസ്‌ലമിക്ക് ഉണ്ടായത്. ജമാഅത്ത് നേതാക്കളുടെ ഈ നിറം മാററത്തോട് ശക്തമായ എതിർപ്പുള്ള തീവ്ര മൗദൂദിസ്ററുകൾ അപ്പോഴുമുണ്ടായിരുന്നു. ഹുകൂമതേ ഇലാഹിയിൽ നിന്ന് വ്യതിചലിച്ചത് മാത്രമല്ല അവർക്ക് പറയാനുള്ളത്; പച്ചയായി ശിർക്കിനെ അംഗീകരിച്ചു എന്നതാണ്. മൗദൂദി നിഷിദ്ധമാക്കിയ ഫോട്ടോ എടുക്കൽ പോലും ജമാഅത്തുകാർ കാററിൽ പറത്തി എന്ന് യാഥാസ്ഥിതിക ജമാഅത്തുകാർ ആരോപിച്ചു (ഇർഫാൻ അഹ്മദ്, 208). അത്പോലെ സംഗീതം കേൾക്കുന്നത് മൗദൂദി നിഷിദ്ധമാക്കിയതാണ്. എന്നാൽ വിദ്യാർഥി സംഘടനയായ എസ്.ഐ.ഒയുടെ വേദികളിൽ നിന്ന് സംഗീതം ഉയർന്നു കേട്ടത് തല മുതിർന്ന നേതാക്കൾക്ക് സഹിച്ചില്ല.

മൗദൂദിയെ പരസ്യമായി തന്നെ മാററി നിറുത്തുകയായിരുന്നു ജമാഅത്ത്. ഇന്ത്യ ദാറുൽ കുഫ്ർ (യുദ്ധ ഭൂമി) യാണെന്ന മൗദൂദിയുടെ പ്രഖ്യാപനം അവർ തിരുത്തി. "പൈശാചികതയുടെ" മുദ്രകളായ ഭരണ ഘടന, ജനാധിപത്യം, സെക്കുലറിസം, തിരഞ്ഞെടുപ്പ് എന്നിവയെല്ലാം അനുവദിച്ചു. ഇന്ത്യൻ ഭരണഘടന ലോകത്ത് ഏററവും മികച്ചതാണെന്ന് വരെ പ്രഖ്യാപിച്ചു കൊടുത്തു. നിഷിദ്ധമാക്കിയിരുന്ന സർക്കാർ ജോലിക്ക് അനുവാദം നല്കി. ഇൻകം ടാക്സിലും, കോടതിയിലും ബാങ്കിലും ജോലി ചെയ്യുന്നവർക്കെല്ലാം ജമാഅത്തെ ഇസ്‌ലാമിയിൽ അംഗത്വം നല്കി. ലോ കോളജിൽ പഠിക്കുന്ന കുട്ടികൾക്ക് ആദ്യം എസ്.ഐ.ഒയിൽ അംഗത്വം നല്കിയിരുന്നില്ല. അതും അനുവദിച്ചു. എന്തിനധികം, മൗദൂദിയുടെ *തഫ്ഹീമാതുൽ ഖുർആനും ഖുതുബാതും* മററ് പുസ്തകങ്ങളും അച്ചടിക്കുന്നതും വായിക്കുന്നതും നിറുത്തി. പല പുസ്തകങ്ങളും മാററി മറിച്ച് പ്രസിദ്ധീകരിച്ചു. ആറെസ്സെസ്സിനെ പോലെ ജമാഅത്തെ ഇസ്‌ലാമി ആദ്യ കാലത്ത് സ്വാതന്ത്ര്യ ദിനമോ റിപ്പബ്ലിക് ദിനമോ ആഘോഷിച്ചിരുന്നില്ല. പതാക ഉയർത്തിയിരുന്നില്ല. ദേശീയ ഗാനം ആലപിച്ചിരുന്നുമില്ല. കാരണം അതെല്ലാം ജാഹിലിയ്യത്തിന്റെ മുദ്രകളായിരുന്നു. പിന്നെപ്പൊഴോ ഇതൊക്കെ അനുവദനീയവും ദൈവീകവുമായി. അപ്പോഴും അതൊക്കെ ഇഷ്ടപ്പെടാത്ത ജമാഅത്തുകാരുണ്ടായിരുന്നു. 2002ലെ ജമാഅത്ത് ഇജ്തിമാഇൽ (സമ്മേളനം) ഹിന്ദു സ്വാമിമാർ ഹാജരായതും ശ്രദ്ധേയമായി. അവർ ശംഖ് വിളിച്ചും ഓം ചൊല്ലിയും ജമാഅത്ത് വേദിയിൽ ഉപവിഷ്ടരായതിനെ ജമാഅത്ത് അമീറായിരുന്ന ഖാലിദ് ഹാമിദ് വിമർശിക്കുന്നുണ്ട്. ജമാഅത്തിന്റെ നേതൃത്വത്തിൽ ഫോറം ഫോർ ഡെമോക്രസി & കമ്യൂണൽ അമിററി (എഫ്.ഡി.സി.എ) എന്നൊരു സംഘടന രൂപീകരിച്ചിരുന്നു. ഫാസിസത്തെ എതിർക്കുന്ന എല്ലാ പാർട്ടികളേയും ഒരേ വേദിയിൽ കൊണ്ടു വരികയായിരുന്നു ലക്ഷ്യം. അതിന്റെ യോഗങ്ങളിൽ ദേശീയ ഗാനം ആലപിക്കുമായിരുന്നു. അതിൽ ജമാഅത്ത് നേതാവ് ഷാഫി മൂനിസ് ദേശീയ ഗാനം ചൊല്ലിയതിനെ ചില ജമാഅത്തുകാർ വിമർശിച്ചു. ചിലർ എഫ്. ഡി. സി. ഐയെത്തന്നെ വിമർശിച്ചു. ഡൽഹിയിൽ ജമാഅത്തിൽ നിന്ന് രാജി വച്ച മാലികിന്റെ അഭിപ്രായം: "ബഹുദൈവത്വത്തിന് വോട്ട് ചെയ്യാൻ എങ്ങനെയാണ് ഇസ്‌ലാം അനുവദിക്കുക? ഞാൻ ജമാഅത്തിൽ ചേർന്നപ്പോൾ എന്നോട് സെക്കുലറിസത്തേയും ജനാധിപത്യത്തേയും താഗൂതി സർക്കാറിനേയും അവഗണിക്കാനാണ് പറഞ്ഞത്. അതെല്ലാം ഖുർആന് എതിരാണ്. … ഞങ്ങൾ ഇഖാമത് ദീനിന് (മത സംസ്ഥാപനം) വേണ്ടിയാണ് ജമാഅത്തിൽ അംഗമായത്. ഇപ്പോൾ ഇഖാമത് സെക്കുലർ ഡെമോക്രസിക്ക് (സെക്കുലർ ഡെമോക്രസിയുടെ സ്ഥാപനം)വേണ്ടിയാണ് ജമാഅത്ത് നില കൊള്ളുന്നത്…പറയൂ, സെക്കുലറിസത്തിന് ഇസ്‌ലാമുമായി എന്ത് ബന്ധമാണുള്ളത്? എവിടെപ്പോയി യഥാർഥ ആശയങ്ങൾ?' (ഇർഫാൻ അഹ്മദ്,213). നിങ്ങൾ എന്ത് കൊണ്ടാണ് ജമാഅത്തിൽ നിന്ന് രാജി വച്ചതെന്ന് അദ്ദേഹത്തോട് ചോദിച്ചപ്പോൾ കിട്ടിയ മറുപടി: ജമാഅത്ത് സെക്കുലറിസം സ്വീകരിച്ചിരിക്കുന്നു. സെക്കുലറിസമാണ് ലക്ഷ്യമെങ്കിൽ അതിന്

ജമാഅത്തിനേക്കാൾ എത്രയോ നല്ല സംഘടനകളുണ്ട്.'' അദ്ദേഹം പിന്നീട് യുണൈററഡ് മുസ്‌ലിംസ് ഓഫ് ഇന്ത്യ എന്ന സംഘടനയിൽ ചേർന്നു.

**സൂഫിസം കറുപ്പ്**

മൗദൂദിയുടെ ചില ആശയങ്ങൾ വഹാബീ അശയങ്ങളോട് സാമ്യം പുലർത്തിയിരുന്നു. ഈ ആശയങ്ങൾ ജമാഅത്ത് ഇസ്‌ലാമി പൊതുവേ സ്വീകരിച്ചു പോന്നു. സൂഫിസം മനുഷ്യനെ മയക്കുന്ന കറപ്പാണെന്ന് കമ്യൂണിസ്ററ് രീതിയിൽ അദ്ദേഹം വിമർശിച്ചു. ഉലമകളുടെ അനുകരണ (തഖ്‌ലീദ്) സമ്പ്രദായത്തേയും എതിർത്തു. അത് കൊണ്ടാണ് മദ്ഹബുകൾ(കർമ ശാസ്ത്ര വിഭാഗം)ക്കപ്പുറമുള്ള ഒരു പുത്തൻ ഇസ്‌ലാമിനെ മൗദൂദി അവതരിപ്പിച്ചത്. അദ്ദേഹം മത പരിത്യാഗി (മുർതദ്ദ്) യാണെന്ന് പ്രഖ്യാപിക്കാൻ ഉലമകൾക്ക് ഇക്കാര്യങ്ങൾ മാത്രം മതിയായിരുന്നു. കമ്യൂണിസം പഠിച്ച മൗദൂദി കമ്യൂണിസ്ററ് മാതൃകയിലാണ് തന്റെ പാർട്ടിയെ സംഘടിപ്പിച്ചതെന്നും ചിലരഭിപ്രായപ്പെട്ടു.

ജമാഅത്തെ ഇസ്‌ലാമി സ്ഥാപിച്ചപ്പോൾ മൗദൂദി മുസ്‌ലിംകൾക്ക് നല്കിയ സന്ദേശം ഒന്നുകിൽ ജമാഅത്തിൽ ചേർന്ന് ജാഹിലിയ്യത്തിനെതിരായി നില്ക്കുക. അല്ലാത്തവർ യഹൂദൻമാരെപ്പോലെ ഇസ്‌ലാമിനെ തള്ളിയവരായി ഗണിക്കപ്പെടും. ജമാഅത്തിൽ ചേരാത്തവരെ മത പരിത്യാഗികളായി (മുർതദ്ദ്) കണക്കാക്കുമെന്നും അദ്ദേഹം പറഞ്ഞിരുന്നു. മററ് മതക്കാരുമായി കൂടിയാലോചിക്കുന്നതും അവരോടൊപ്പം രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നതും പാപമായാണ് മൗദൂദി ഗണിച്ചത്. ജംഇയ്യത്തുൽ ഉലമാ ഹിന്ദിനോടും പ്രത്യേകിച്ചും അബുൽ കലാം ആസാദിനോടും മൗദൂദി സാഹിബിനുള്ളവിരോധം അത് കൊണ്ട് കൂടിയായിരുന്നു. ഹിന്ദുക്കളുമായി ചേരുന്ന ആസാദിനെയും മൗദൂദി മതത്തിന് പുറത്ത് നിറുത്തിയിരുന്നു. ഹിന്ദുക്കളോട് ഒരു തരത്തിലും രാഷ്ട്രീയത്തിലും ആചാരത്തിലും കൂട്ടാവരുതെന്ന് മൗദൂദി നിഷ്കർഷിച്ചിരുന്നു. ഇത് സംബന്ധിച്ച് ജമാഅത്ത് പാഠ പുസ്തകങ്ങളിലുണ്ടായിരുന്നു ചില ഭാഗങ്ങൾ പിന്നീട് നീക്കം ചെയ്തു.

ജമാഅത്തെ ഇസ്‌ലാമിയും മൗദൂദി സാഹിബും സൈദ്ധാന്തികമായി ദൈവ രാജ്യവും ഇസ്‌ലാമിക വിപ്ലവവും ആവർത്തിച്ചുവെങ്കിലും അവർ യുദ്ധ രംഗത്ത് പ്രവർത്തിച്ചില്ല. പൊതുവേ സമാധാന പ്രിയരായാണ് അവരെ നിയമ പാലകർ കണ്ടത്. എവിടെയും അവർ മുഷ്ടി ചുരുട്ടിയിട്ടുമില്ല. അവരുടെ വിപ്ലവം കടലാസിലൊതുക്കിയിരുന്നു. ജിഹാദ് ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചിടത്തോളം ആയുധ വിപ്ലവമാണെന്ന് പറഞ്ഞു കൂടാ.  നേരെ മറിച്ച് അയൽ രാജ്യങ്ങളിൽ അവർ കലാപങ്ങൾക്ക് നേതൃത്വം കൊടുത്തു. ഇന്ത്യയിൽ ആ രീതി സ്വീകരിക്കാത്തതിനാലാണ് സിമിയും ജമാഅത്തും പിണങ്ങിയത്. ജമാഅത്തിനെ പല തവണ നിരോധിക്കപ്പെട്ടതും, അക്രമം പ്രവർത്തിച്ചതിന്റെ പേരിലല്ല; മറിച്ച് ഭരണഘടനക്കെതിരായ നിലപാട് സ്വീകരിച്ചതിന്റെ പേരിലാണ്. അപ്പേരിൽ ഒരു സംഘടനയെ നിരോധിക്കാൻ വകുപ്പുണ്ടോ എന്നത് വേറെ കാര്യം. പലരും ജമാഅത്തിൽ ചേർന്നത് മദൂദിയുടെ ആശയങ്ങളെ കുറിച്ച് പഠിച്ചിട്ടല്ല. അത് ശുദ്ധമായ ഒരു ഇസ്‌ലാമിക സംഘടനയാണെന്ന് ധരിച്ചതിനാലാണ്. ഇതിന്റെ നേതാക്കളെ നിരോധന വേളകളിൽ അറസ്ററ് ചെയ്തപ്പോൾ പലരും വിഷമിച്ചിരുന്നു. 1975ൽ അടിയന്തിരാവസ്ഥ വേളയിൽ പ്രതിപക്ഷത്തെയൊന്നാകെ ഇന്ദിരാഗാന്ധി നിരോധിച്ചല്ലോ. കൂട്ടത്തിൽ ആറെസ്സെസ്സിനേയും ജമാഅത്തിനേയും ഉൾപ്പെടുത്തി. ആറെസ്സെസ്സ് പലേടത്തും അക്രമം വിതച്ചത് കൊണ്ട് അവരെ നിരോധിക്കുന്നതിൽ ന്യായമുണ്ടാവാം. എന്തിനാണ് ജമാഅത്തിനെ നിരോധിക്കുന്നത് എന്ന് അവരോട് ഒരു മുസ്‌ലിം സ്ററാഫ് ചോദിച്ചപ്പോൾ അത് തൂക്കമൊപ്പിക്കാൻ വേണ്ടിയാണെന്ന് ഇന്ദിരാഗാന്ധി പറഞ്ഞത്രേ. 1992ൽ ബാബ്‌രി മസ്ജിദ് പൊളിച്ചപ്പോഴും ജമാഅത്തിനെ ഇതേ രീതിയിൽ കോൺഗ്രസ് സർക്കാർ നിരോധിച്ചു.

ജമാഅത്തെ ഇസ്‌ലാമി സത്യത്തിൽ എന്താണ് എന്നതിന് പരസ്യമായ ഒരു ഉത്തരം അവരുടെ പക്കൽ ഉണ്ടാവില്ല. ഉത്തരം പറയുക ഒരു ഹിഡൻ അജണ്ട പോലെയാണ്. സ്ഥാപകൻ മൗദൂദി സാഹിബിനെ അവർ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് ഒരു ചോദ്യം? ഉണ്ടെങ്കിൽ മൗദൂദിയുടെ ലക്ഷ്യ സംസ്ഥാപനത്തിനാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന് അവർ പരസ്യമായി പറയണം. മൗദൂദിയെ അംഗീകരിക്കുന്നില്ലാ എന്നാണെങ്കിൽ അത് പറയണം. എന്തിനാണ് അദ്ദേഹം പ്രത്യേക ലക്ഷ്യത്തോടെ

ഉണ്ടാക്കിയ ജമാഅത്തെ ഇസ്‌ലാമിയെ ഇങ്ങനെ വെടക്കാക്കി തനിക്കാക്കുന്നത്? ഇന്ത്യൻ സെക്കുലറിസവും ഭരണഘടനയും ജനാധിപത്യവും ആധുനിക വിദ്യാഭ്യാസവും തിരഞ്ഞെടുപ്പും എല്ലാം ജമാഅത്ത് ഇസ്‌ലാമി അംഗീകരിക്കുന്നുവെങ്കിൽ അവർ ചെയ്യേണ്ടത് മൗദൂദിയെ തള്ളിപ്പറഞ്ഞ് ജമാഅത്തെ ഇസ്‌ലാമി പിരിച്ചു വിടുകയോ അതിൽ നിന്ന് രാജിവച്ച് മതേതര പാർട്ടികളിൽ പ്രവർത്തിക്കുകയോ ആണ് ചെയ്യേണ്ടത്. അല്ലെങ്കിൽ സ്വതന്ത്രമായൊരു പാർട്ടിയെ പെററു വളർത്താം. പക്ഷേ, അതല്ല ജമാഅത്ത് ചെയ്തത്. തങ്ങളുടെ അജണ്ട നടപ്പാക്കാൻ വെൽഫെയർ പാർട്ടി എന്നൊരു പാർട്ടിയെ പടച്ചിരിക്കയാണ്. അത് കൊണ്ട് തന്നെ ആ പാർട്ടി ജമാഅത്തിന്റെ ഭാഗമാണ്. ദൈവരാജ്യത്തിലേക്കുള്ള താല്കാലികമായ ഒരു മാർഗം. തങ്ങളുടെ ലക്ഷ്യം മൗദൂദിയുടെ ദൈവ രാജ്യമാണെന്ന കാര്യം എന്തിനാണ് ജമാഅത്ത് ഇനിയും മറച്ചു വയ്ക്കുന്നത്? ഇപ്പോൾ പ്രവർത്തിക്കുന്ന വെൽഫെയർ പാർട്ടി തന്നെ ജമാഅത്തിന്റെ സൃഷ്ടിയും അവരുടെ ഹിതത്തിനൊത്തു പ്രവർത്തിക്കുന്നവരുമാണ്. അതിനാൽ ഇവരും ജമാഅത്തിനെയോ മൗദൂദി സാഹിബിനേയോ തള്ളിപ്പറയില്ല. മൗദൂദിയെ വേണ്ടാ എന്ന് പരസ്യപ്പെടുത്താൻ തയാറാണെങ്കിൽ ജമാഅത്തിന് ഇന്ത്യൻ ഭരണഘടനയും സെക്കുലറിസവും ആത്മാർഥമായി അംഗീകരിച്ച് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിച്ച് ജനാധിപത്യത്തെ ശക്തിപ്പെടുത്താം. സ്വന്തമായി ഒരു പാർട്ടി വേണമെന്നുണ്ടെങ്കിൽ അങ്ങനെയും ചെയ്യാം. എന്തായാലും ഈ അന്തർ നാടകങ്ങളും അജണ്ടകളും കുറേ കാലം കൊണ്ടു നടക്കാനാവില്ല. അത് കൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമിയുമായി ഈ നിലയ്ക്ക് ഒരു രാഷ്ട്രീയ സഖ്യം സൃഷ്ടിക്കുന്നത്  ജനാധിപത്യത്തിനും സെക്കുലറിസത്തിനും വിന വരുത്തുമെന്ന് രാഷ്ട്രീയ നിരീക്ഷകർ പറയുന്നത്. 9995946382

================================